**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6294** **07.11.2016 ൽ മറുപടിയ്ക്ക്**

**<u>ഡ്രൈവിംഗ് ടെസ്റ്റിംഗ്, ടാക്സി വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ</u>**

| **<u>ചോദ്യം</u>**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.എ.പി. അനിൽ കുമാർ** | | **<u>ഉത്തരം</u>**<br>**ശ്രീ. എ.കെ. ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പമന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റിംഗ്, ടാക്സി വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുമോ ; | (ബി) | വാഹനപരിശോധനയും ഡ്രൈവിംഗ് ടെസ്റ്റും, കുറ്റമറ്റതും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ എല്ലാ ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ കളുടെ കീഴിലും കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിൽ കണ്ണൂർ, കോഴിക്കോട്, പാറശ്ശാല എന്നിവിടങ്ങളിൽ വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും വിജയകരമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ മുട്ടത്തറ (തിരുവനന്തപുരം), മോനിപ്പള്ളി (കോട്ടയം), മൂവ്വാറ്റുപുഴ(എറണാകുളം) എന്നിവിടങ്ങളിൽ ഇവയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (സി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കുന്ന മുറയ്ക്ക് കേരളത്തിലെ എല്ലാ ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ കളുടെ കീഴിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിനുള്ള പണം കണ്ടെത്തുന്നതെങ്ങനെയാണ്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പ്ലാൻ ഫണ്ടിൽ നിന്നും തുക കണ്ടെത്തുന്നു. നിലവിൽ ഭൂമി ലഭിക്കാത്തതിനാൽ പി.പി.പി.മോഡൽ നിർമ്മാണത്തിനായി പ്ലാനിംഗ് ബോർഡ് നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**